**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2330 — 12/03/2020-ൽ മറുപടിയ്ക്ക്

**പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം അലവൻസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ :** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ പഠിക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് യൂണിഫോം അലവൻസായി എത്ര തുക യാണ് നൽകുന്നത് എന്നറിയിക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ 66 ട്രൈബൽ സ്കൂളുകളിലെ എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന പ്രതിവർഷം 500/- രൂപ യൂണിഫോം അലവൻസായി നൽകി വരുന്നു.<br><br>ഒന്നുമുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രൈമറി / സെക്കണ്ടറി / എഡ്യൂക്കേഷൻ എയ്ഡായി ഒരു വിദ്യാർത്ഥിക്ക് 2000/- രൂപ വീതം അനുവദിക്കുന്നുണ്ട്. ഈ തുകയിൽ 1000/- രൂപ യൂണിഫോം വാങ്ങുന്നതിനായുള്ളതാണ്.<br><br>ഇതിനു പുറമേ വകുപ്പിലെ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ എൽ.പി. / യു.പി. / ഹൈസ്കൂൾ / ഹയർ സെക്കണ്ടറിതല പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ചുവടെ പറയും പ്രകാരം യൂണിഫോം അലവൻസ് നൽകുന്നു.<br><br>ക്ലാസ്സ് തലം — യൂണിഫോം അലവൻസ്<br>എൽ.പി. — 1000<br>യു.പി. — 1400<br>എച്ച്.എസ്. — 1600<br>എച്ച്.എസ്.എസ്. — 1600<br><br>കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ (എം.ആർ.എസ്.) 3750/- രൂപ (5 മുതൽ 12 വരെ ക്ലാസ്സുകൾ) വീതം നൽകുന്നു. |

| ക്ലാസ്സ് തലം | യൂണിഫോം അലവൻസ് |
|---|---|
| എൽ.പി. | 1000 |
| യു.പി. | 1400 |
| എച്ച്.എസ്. | 1600 |
| എച്ച്.എസ്.എസ്. | 1600 |

| | | | |
|---|---|---|---|
| (ബി) | ഈ തുക ഒരുമിച്ചാണോ അതോ തവണ കളായിട്ടാണോ നൽകുന്നത് എന്ന് വിശദ മാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ പ്രൈമറി / സെക്കന്ററി എയ്ഡ് പ്രകാരമുള്ള തുക കുട്ടികൾക്ക് സ്ഥാപന മേധാവി മുഖേന ഒരുമിച്ചാണ് വിതരണം ചെയ്യുന്നത്. പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും യൂണിഫോം വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ യൂണിഫോം അലവൻസായി തുക ഒരുമിച്ചാണ് നൽകി വരുന്നത്. |
| (സി) | ഈ അദ്ധ്യയന വർഷം യൂണിഫോം അലവൻസ് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (സി) | പട്ടികജാതി വകുപ്പിൽ പ്രീമെട്രിക് ഹോസ്റ്റലു കളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഈ അദ്ധ്യയന വർഷത്തിൽ (2019-20) ആരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്തിരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ അദ്ധ്യയന വർഷം യൂണിഫോം അലവൻസ് അനുവദിക്കുന്ന തിനായി 12,42,000/- രൂപ വിവിധ ജില്ലാ ആഫീസു കൾക്ക് അനുവദിച്ച് നൽകി യിട്ടുണ്ട്. |
| (ഡി) | അദ്ധ്യയന വർഷം പൂർത്തിയാകാറായിട്ടും അരൂർ മണ്ഡലത്തിലെ വിവിധ സ്കൂളുകളി ൽ യൂണിഫോം അലവൻസ് കിട്ടിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അരൂർ മണ്ഡലത്തിൽ 2019-20 അദ്ധ്യയനവർഷത്തിൽ പ്രൈമറി / സെക്കന്ററി എയ്ഡ് പദ്ധതി പ്രകാരം 1660 പട്ടികജാതി വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.<br><br>അരൂർ മണ്ഡലത്തിൽ ട്രൈബൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ